# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1963 07.03.2017 ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ ബിഗ് ഡാഡി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |

(എ) സൈബർ ലോകത്തെ ചതിക്കുഴികൾ കണ്ടെത്തുവാനും, ഇരകൾക്ക് നീതി ഉറപ്പാക്കുവാനും ക്രൈംബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഓപ്പറേഷൻ ബിഗ് ഡാഡി നിലവിലുണ്ടോ;

(എ) കുട്ടികളേയും സ്ത്രീകളേയും കടത്തുന്നതിന് കുറ്റവാളികൾ നടത്തുന്ന ശ്രമങ്ങൾ തരണം ചെയ്യുന്നതിലേക്കായി നടത്തിയ സൈബർ പട്രോളിംഗിന്റെ ഭാഗമായി 2015-ൽ സൈബർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 29/2015, 32/2015, 34/2015, 36/2015 എന്നീ കേസുകൾ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തുന്നതിലേയ്ക്കായി നടത്തിയ നിയമ പ്രക്രിയയ്ക്ക് കൊടുത്തിരുന്ന കോഡാണ് ഓപ്പറേഷൻ ബിഗ് ഡാഡി. തത്തുല്യമായ സൈബർ പട്രോളിംഗും പരിശോധനകളും ഇപ്പോഴും തുടർന്നു വരുന്നുണ്ട്.

(ബി) കുട്ടികൾക്കെതിരായ സൈബർ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികൾക്കെതിരെ സൈബർ അതിക്രമങ്ങൾ നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ 3 വർഷം രജിസ്റ്റർ ചെയ്ത കേസുകളുടെ കണക്ക് ചുവടെ കൊടുത്തിരിക്കുന്നു.

| വർഷം | 2014 | 2015 | 2016 |
|---|---|---|---|
| കുട്ടികൾക്കെതിരായ സൈബർ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | 6 | 6 | 8 |

(സി) കുട്ടികളുടെ അശ്ലീലചിത്രങ്ങളും വീഡിയോകളും ഓൺലൈനിൽ കൂടുതൽ പ്രചരിപ്പിക്കുന്ന നഗരങ്ങളുടെ പട്ടികയിൽ സംസ്ഥാനത്തെ മൂന്ന് ജില്ലകൾ ഉൾപ്പെട്ടിട്ടുള്ള വസ്തുത പരിഗണിച്ച് ഓപ്പറേഷൻ ബിഗ് ഡാഡി ശക്തമായി നടപ്പിലാക്കുവാൻ നടപടി കൈക്കൊള്ളുമോ?

(സി) കുട്ടികളേയും സ്ത്രീകളേയും കടത്തുന്നതിന് കുറ്റവാളികൾ നടത്തുന്ന ശ്രമങ്ങൾ തടയുന്നതിലേക്കായി നടത്തിയ സൈബർ പട്രോളിംഗിന്റെ ഭാഗമായി 2015-ൽ സൈബർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 29/2015, 32/2015, 34/2015, 36/2015 എന്നീ കേസുകൾ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തുന്നതിലേയ്ക്കായി നടത്തിയ നിയമ പ്രക്രിയയ്ക്ക് കൊടുത്തിരുന്ന കോഡാണ് ഓപ്പറേഷൻ ബിഗ് ഡാഡി. തത്തുല്യമായ സൈബർ പട്രോളിംഗും പരിശോധനകളും ഇപ്പോഴും തുടർന്നു വരുന്നുണ്ട്. ഇത്തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങൾ തെളിവ് സഹിതം, സൈബർ പട്രോളിംഗിന്റെ ഭാഗമായി വെളിവാകുന്ന മുറയ്ക്ക് ശക്തമായ നിയമനടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.